ആർ.പി.എൽ./പി.ഡി./എഫ്-4095/2018/ 2549 15.02.2021.

## നോട്ടീസ്

വിഷയം - കമ്പനിയുടെ സേവനത്തിൽ നിന്നും വിരമിച്ച റീപ്പാട്രിയേറ്റ് തൊഴിലാളികൾക്കായുള്ള ഭവന പദ്ധതി പ്രകാരം പാർപ്പിടം ലഭിക്കുന്നതിനുള്ള അപേക്ഷകൾ - ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന -
1. 09.10.2019-ലെ മാനേജ്മെന്റ്-യൂണിയൻ ചർച്ചയിൽ അംഗീകരിച്ച ഭവന പദ്ധതിയുടെ മാർഗ്ഗരേഖകൾ.
2. 29.01.2021.-ലെ ആർ.പി.എൽ./പി.ഡി./എഫ്-4095/2018/2353 പ്രകാരമുള്ള നോട്ടീസ്.
3. അപേക്ഷകരിൽ നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റിയുടെ 09.02.2021-ൽ കൂടിയ മീറ്റിംഗിന്റെ മിനിറ്റ്സ്.
4. നോട്ടീസ് നം. ആർ.പി.എൽ./പി.ഡി./എഫ്-4095/2018/2517 തീയതി 10.02.2021.
5. അപേക്ഷകരിൽ നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റിയുടെ 14.02.2021-ൽ കൂടിയ മീറ്റിംഗിന്റെ മിനിറ്റ്സ്.

കമ്പനിയിലെ സേവനത്തിൽ നിന്നും വിരമിച്ച ശ്രീലങ്കൻ റീപ്പാട്രിയേറ്റ് കുടുംബങ്ങളിലെ ഭൂരഹിത-ഭവനരഹിതരായവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി കമ്പനിയും ഭവനം ഫൗണ്ടേഷൻ കേരളയും സംയുക്തമായി നടപ്പിലാക്കുന്ന പാർപ്പിട പദ്ധതിയ്ക്കായി ഗുണഭോക്താക്കളിൽ നിന്നും ഉപരി സൂചന 2 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളതാണ്.

നിശ്ചിത അപേക്ഷാ ഫോറത്തിൽ 08.02.2021-ന് വൈകുന്നേരം 5 മണിക്കുള്ളിൽ അതാത് എസ്റ്റേറ്റ് ഓഫീസുകളിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതും. നിശ്ചിത സമയത്തിനുള്ളിൽ കമ്പനിയുടെ ഇരു എസ്റ്റേറ്റ് ഓഫീസുകളിലുമായി ആകെ 39 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതുമാണ്. ഉപരി സൂചന 1 പ്രകാരമുള്ള മാർഗ്ഗരേഖകളിലെ പൊതുമാനദണ്ഡങ്ങൾ ഖണ്ഡിക 9 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള കമ്മിറ്റി, ടി 39 അപേക്ഷകളും സൂക്ഷ്മ പരിശോധന നടത്തുന്നതിനായി 09.02.2021-ന് കമ്പനിയുടെ കുളത്തുപ്പുഴ എസ്റ്റേറ്റ് ഇൻസ്പെക്ഷൻ ബംഗ്ലാവിൽ യോഗം ചേർന്നിട്ടുള്ളതും അപേക്ഷകൾ സൂചന 1 പ്രകാരമുള്ള മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധന നടത്തിയിട്ടുള്ളതും അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാക്രമമനുസരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ആയത് സൂചന 3 പ്രകാരം ലഭ്യമാക്കിയിട്ടുള്ളതുമാണ്.

അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയിൽ നിന്ന് 1 -ാം മുൻഗണനാ വിഭാഗത്തിൽപ്പെട്ട 2 (രണ്ട്) അപേക്ഷകളും 2 -ാം മുൻഗണനാ വിഭാഗത്തിൽപ്പെട്ട 23 (ഇരുപത്തിമൂന്ന്) അപേക്ഷകളും ഭവന പദ്ധതിയ്ക്കായി അർഹതയുള്ളതാകയാൽ ഉപരി സൂചന 1 പ്രകാരമുള്ള മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ടി 25 അപേക്ഷകരുടെ കരട് മുൻഗണനാ പട്ടിക കമ്മിറ്റി തയ്യാറാക്കുകയും മുൻഗണനാ വിഭാഗം 3,4 എന്നിവയിൽ അർഹരായ അപേക്ഷകരില്ല എന്ന് കണ്ടെത്തുകയും ചെയ്തിട്ടുള്ളതാണ്. ലഭ്യമായ 3 അപേക്ഷകളിൽ അപേക്ഷകന്റെ/ അപേക്ഷകയുടെ ഭാര്യ/ഭർത്താവ് കമ്പനിയിൽ നിലവിലെ സ്ഥിരം തൊഴിലാളിയായിരിക്കുന്നതായും ടി കുടുംബം കമ്പനി അനുവദിച്ചു നൽകിയിരിക്കുന്ന ക്വോർട്ടേഴ്സിൽ താമസിക്കുന്നതിനാലും നിലവിലെ തൊഴിലാളി വിരമിക്കുന്ന മുറയ്ക്ക് ടി അപേക്ഷകനെ/ അപേക്ഷകയെ സൂചന 1 പ്രകാരമുള്ള മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ആകെ ലഭ്യമായ അപേക്ഷകളിൽ 8 (എട്ട്) അപേക്ഷകൾ മാനദണ്ഡങ്ങൾ അനുസരിച്ച് അർഹതയില്ലാത്തതാണെന്നും ആയിരനല്ലൂർ എസ്റ്റേറ്റിൽ

സമർപ്പിക്കപ്പെട്ട മൂന്ന് അപേക്ഷകൾ (അപേക്ഷാ ഫോറം നം. A-020, A-030, A-061) തങ്ങളുടെ അപേക്ഷ പരിഗണിക്കേണ്ടതില്ലായെന്ന അപേക്ഷകരുടെ രേഖാമൂലമുള്ള ആവശ്യം അനുസരിച്ച് സൂക്ഷ്മ പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായും കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 28 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് മുൻഗണനാക്രമമനുസരിച്ചുള്ള കരട് ലിസ്റ്റ് സൂചന 4 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ടി കരട് ലിസ്റ്റ് സംബന്ധിച്ച് ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയത് അതാത് എസ്റ്റേറ്റ് മാനേജരുടെ ഓഫീസിൽ ആവശ്യമായ രേഖകൾ സഹിതം 13.02.2021-ന് വൈകുന്നേരം 5 മണിയ്ക്കുള്ളിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണെന്നും യഥാസമയത്തിനുള്ളിൽ ആക്ഷേപങ്ങൾ ലഭ്യമാകാതിരിക്കുന്ന സാഹചര്യത്തിലോ ലഭ്യമായേക്കാവുന്ന ആക്ഷേപങ്ങൾ പരിശോധനയിൽ വസ്തുതാപരമല്ലെന്നു കണ്ടു തള്ളപ്പെടുന്ന സാഹചര്യത്തിലോ ടി കരട് ലിസ്റ്റ് അംഗീകരിച്ച് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്.

ടി നോട്ടീസിനെ തുടർന്ന് ചുവടെ ചേർത്തിട്ടുള്ള ആക്ഷേപങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ളതാണ്.

| ക്രമ നം. | ആക്ഷേപം സമർപ്പിച്ച ആളുടെ പേരും തീയതിയും | ആക്ഷേപം സംബന്ധിച്ച അപേക്ഷ നമ്പരും അപേക്ഷകന്റെ പേരും | ആക്ഷേപം |
|---|---|---|---|
| 1 | ശ്രീമതി. കതിരായി. 10.02.2021 | ശ്രീമതി. കതിരായി, (അപേക്ഷാ നം. എ. 044 ) | സ്വന്തമായി പുറത്ത് വസ്തു വാങ്ങുന്നതിനാൽ അപേക്ഷ പിൻവലിക്കുന്നു. |
| 2 | ശ്രീമതി. രാസമ്മ റിട്ട. ക്രഷ് അറ്റന്റന്റ് | ശ്രീമതി. രാസമ്മ (അപേക്ഷാ നം. കെ..004) | സ്വന്തം/കുടുംബാംഗങ്ങളുടെ പേരിൽ വസ്തു/വീട് ഉള്ളതിനാൽ അപേക്ഷ നിരസിക്കപ്പെട്ടു.എന്നാൽ ഇപ്രകാരം വസ്തു ഇല്ലാത്തതാണ്. ഇത് സംബന്ധിച്ച് സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. |

ഉപരി സൂചന 5 പ്രകാരമുള്ള മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ആക്ഷേപങ്ങൾ പരിശോധിച്ചതിൽ നിന്ന് ശ്രീമതി. കതിരായി, (അപേക്ഷാ നം. എ. 044 ) തന്റെ ഭവന പദ്ധതിയ്ക്കായുള്ള അപേക്ഷ പിൻവലിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

ശ്രീമതി. രാസമ്മ ( അപേക്ഷാ നം. കെ. 004 ) ഗുണഭോക്താക്കളുടെ മുൻഗണനാ ക്രമത്തിൽ 4- ാം വിഭാഗത്തിൽ ( സ്റ്റാഫ് വിഭാഗത്തിൽ വിരമിച്ച ജീവനക്കാർ)പെടുന്ന ആളായതിനാലും മുൻഗണനാ മാനദണ്ഡമനുസരിച്ച് 1, 2 എന്നീ മുൻഗണനാ വിഭാഗങ്ങൾ വിരമിച്ച തൊഴിലാളികളായതിനാലും ടിയാരിക്കോ കുടുംബാംഗങ്ങൾക്കോ സ്വന്തമായി സ്ഥലമോ വീടോ ഇല്ലായെന്ന പ്രസ്താവന അംഗീകരിച്ചാൽ തന്നെയും ടിയാരിയെ മുൻഗണനാ ക്രമമനുസരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ അവസാനത്തെ ആളായി മാത്രമേ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂവെന്ന് ബോദ്ധ്യപ്പെടുന്നു.

മേൽ വസ്തുതതകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ഗുണഭോക്താക്കളുടെ കരട് ലിസ്റ്റിലെ മുൻഗണനാ പട്ടിക സംബന്ധിച്ച് മറ്റ് യാതൊരു ആക്ഷേപങ്ങളും ലഭിച്ചിട്ടില്ലാത്തതിനാലും, ശ്രീമതി. കതിരായി, (അപേക്ഷാ നം. എ. 044 ) എന്ന അപേക്ഷകയെ ഒഴിവാക്കിക്കൊണ്ടും ശ്രീമതി. രാസമ്മ ( അപേക്ഷാ നം. കെ. 004 ) എന്ന അപേക്ഷകയെ പട്ടികയിൽ അവസാനമായി (4- ാം മുൻഗണനാ വിഭാഗത്തിൽ ഒന്നാമതായി) ഉൾപ്പെടുത്തിക്കൊണ്ടും , ഉപരി സൂചന 4 പ്രകാരം പ്രസിദ്ധീകരിച്ച കരട് ഗുണഭോക്തൃ ലിസ്റ്റ് ഭേദഗതികൾ വരുത്തി ചുവടെ കൊടുത്തിരിക്കും വിധം അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു

## കരട് മുൻഗണനാ പട്ടിക

| ക്രമ നം. | അപേക്ഷാ ഫോറം നം. | അപേക്ഷകൻ/ അപേക്ഷകയുടെ പേര്/ രജി.നം. | മുൻഗണനാ വിഭാഗം | എസ്റ്റേറ്റ് | കുടുംബകാർഡ് അവസാന വിരമിക്കൽ തീയതി |
|---|---|---|---|---|---|
| 1 | കെ.002 | ശ്രീ. വെങ്കട്ടൻ<br>രജി.നം. 4768 | 1 | കുളത്തൂപ്പുഴ | 30.02.2011 |
| 2 | കെ.037 | ശ്രീ. രാസയ്യ<br>രജി.നം. 4937 | 1 | കുളത്തൂപ്പുഴ | 30.09.2013 |
| 3 | കെ.113 | ശ്രീ. സന്ദനം<br>രജി.നം. 4562 | 2 | കുളത്തൂപ്പുഴ | 30.06.2002 |
| 4 | എ.040 | ശ്രീമതി. രാസമ്മ<br>രജി.നം. 1474 | 2 | ആയിരനല്ലൂർ | 14.04.2003 |
| 5 | കെ.110 | ശ്രീമതി. ഡിമോട്ടി<br>രജി.നം. 4340 | 2 | കുളത്തൂപ്പുഴ | 30.06.2006 |
| 6 | എ.037 | ശ്രീമതി. പിച്ചായി<br>രജി.നം. 1031 | 2 | ആയിരനല്ലൂർ | 11.06.2009 |
| 7 | കെ.049 | ശ്രീ. മുത്തയ്യ<br>രജി.നം. 4549 | 2 | കുളത്തൂപ്പുഴ | 30.06.2010 |
| 8 | കെ.034 | ശ്രീമതി. തൈവാന<br>രജി.നം. 4596 | 2 | കുളത്തൂപ്പുഴ | 30.06.2010 |
| 9 | കെ.070 | ശ്രീ. ശിവനാണ്ടി<br>രജി.നം. 4875 | 2 | കുളത്തൂപ്പുഴ | 30.09.2010 |
| 10 | കെ.055 | ശ്രീമതി. മങ്കമ്മ<br>രജി.നം. 4886 | 2 | കുളത്തൂപ്പുഴ | 01.01.2011 |
| 11 | എ.055 | ശ്രീ. വണ്ണത്താൻ<br>രജി.നം. 1579 | 2 | ആയിരനല്ലൂർ | 15.05.2013 |
| 12 | എ.079 | ശ്രീ. അയ്യപ്പൻകുട്ടി<br>രജി.നം. 1114 | 2 | ആയിരനല്ലൂർ | 31.08.2013 |
| 13 | കെ.056 | ശ്രീ. കറുപ്പയ്യ<br>രജി.നം. 4778 | 2 | കുളത്തൂപ്പുഴ | 27.05.2014 |
| 14 | കെ.028 | ശ്രീമതി. തൈവാന<br>രജി.നം. 4740 | 2 | കുളത്തൂപ്പുഴ | 09.10.2014 |

| | | | | | |
|---|---|---|---|---|---|
| 15 | കെ.147 | ശ്രീ. ഗണേശൻ<br>രജി.നം. 5026 | 2 | കുളത്തൂപ്പുഴ | 31.10.2016 |
| 16 | എ.069 | ശ്രീ. അറുമുഖം<br>രജി.നം. 1471 | 2 | ആയിരനല്ലൂർ | 31.12.2016 |
| 17 | കെ.088 | ശ്രീമതി. കാമാക്ഷി<br>രജി.നം. 4531 | 2 | കുളത്തൂപ്പുഴ | 30.06.2017 |
| 18 | എ.066 | ശ്രീ. രാജഗോപാൽ<br>രജി.നം. 1424 | 2 | ആയിരനല്ലൂർ | 31.07.2017 |
| 19 | കെ.093 | ശ്രീമതി. രാസമ്മ<br>രജി.നം. 4823 | 2 | കുളത്തൂപ്പുഴ | 30.09.2017 |
| 20 | എ.063 | ശ്രീമതി. സരോജ<br>രജി.നം. 1763 | 2 | ആയിരനല്ലൂർ | 03.05.2018 |
| 21 | എ.027 | ശ്രീ. സുന്ദരംപിള്ള<br>രജി.നം. 1410 | 2 | ആയിരനല്ലൂർ | 30.06.2018 |
| 22 | കെ.083 | ശ്രീമതി. അംഗയാർതിലകം<br>രജി.നം. 4750 | 2 | കുളത്തൂപ്പുഴ | 31.07.2018 |
| 23 | എ.039 | ശ്രീ. രത്നം<br>രജി.നം. 1848 | 2 | ആയിരനല്ലൂർ | 31.10.2018 |
| 24 | കെ.023 | ശ്രീ. നടരാജൻ<br>രജി.നം. 4161 | 2 | കുളത്തൂപ്പുഴ | 31.03.2019 |
| 25 | കെ.004 | ശ്രീമതി. രാസമ്മ<br>റിട്ട. ക്രഷ് അറ്റന്റന്റ് | ഭാഗം 4 | കുളത്തൂപ്പുഴ | 31.03.2012 |

**അപേക്ഷകൻ/അപേക്ഷക-യുടെ ഭാര്യ/ഭർത്താവ് കമ്പനിയിൽ നിലവിൽ സ്ഥിരം തൊഴിലാളിയായതിനാലും, ടി കുടുംബം കമ്പനി അനുവദിച്ചു നൽകിയിരിക്കുന്ന ക്വാർട്ടേഴ്സിൽ താമസിച്ചുവരുന്നതിനാലും നിലവിലെ തൊഴിലാളി വിരമിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ മുൻഗണനാക്രമം മാർഗ്ഗരേഖകൾ പ്രകാരം പിന്നീട്. പരിഗണിക്കപ്പെടാവുന്ന അപേക്ഷകൾ**

| ക്രമ നം. | അപേക്ഷാ ഫോറം നം. | അപേക്ഷകൻ/ അപേക്ഷകയുടെ പേര്/ രജി.നം. | എസ്റ്റേറ്റ് |
|---|---|---|---|
| 26 | കെ.018 | ശ്രീ. വെള്ളസാമി,രജി.നം. 4363 | കുളത്തൂപ്പുഴ |
| 27 | കെ.029 | ശ്രീ. തിരുച്ചെൽവം,രജി.നം. 4326 | കുളത്തൂപ്പുഴ |
| 28 | കെ.080 | ശ്രീ. സൊക്കലിംഗം, രജി.നം. 8006 | കുളത്തൂപ്പുഴ |

**മാനേജിംഗ് ഡയറക്ടർ.**

പകർപ്പ്-

1. മാനേജർ, ആർ.പി.എൽ, ആയിരനല്ലൂർ എസ്റ്റേറ്റ് /കുളത്തൂപ്പുഴ എസ്റ്റേറ്റ്/ഫാക്ടറി കോംപ്ലക്സ് } കളക്ഷൻ സെന്ററുകൾ ഉൾപ്പെടെയുള്ള എല്ലാ നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾക്കുമായി
2. കമ്പനി സെക്രട്ടറി /ഫിനാൻസ് മാനേജർ/ മാനേജർ (പി & എ)/ കൺസ്ട്രക്ഷൻ എഞ്ചിനീയർ ഗ്രേഡ്-1/ വെൽഫെയർ ഓഫീസർ, കുളത്തൂപ്പുഴ എസ്റ്റേറ്റ്/ ആയിരനല്ലൂർ എസ്റ്റേറ്റ്
3. ഇ.ഡി.പി.
4. എസ്.ഒ.എസ്.- ഹെഡ് ഓഫീസ് സർക്കുലേഷന്.
5. ഫയൽ/കരുതൽ ഫയൽ
6. എല്ലാ നോട്ടീസ് ബോർഡുകളിലേക്കും.